# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA ALP BP-18/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 31/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നമ്പർ: KSA ALP BP-18/2023 തീയ്യതി: 31/03/2023

## ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 02-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ.ജി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 03-01-2023 | 07-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-01-2023 | 07-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. പി ശ്രീദേവി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ജാകലിൻ പി ഡബ്ളിയു, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ലേഖ പി കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.ഡി.മഹീന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. രാഹുൽ ജി.കൃഷ്ണൻ | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീമതി ബീന സി എ ( സെക്രട്ടറി ഇൻ ചാർജ്ജ് ) | സെക്രട്ടറി | 08-05-2021 | 13-05-2021 |
| ശ്രീ. രജിത്.ആർ | സെക്രട്ടറി | 14-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ ജയന്തി സി | മെഡിക്കൽ ഓഫീസർ. (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ലിഷ സേവ്യർ | ശിശു വികസന ഓഫീസർ | 01-04-2021 | 07-11-2021 |
| ഷീല ദേവസ്യ | ശിശു വികസന ഓഫീസർ | 08-11-2021 | 31-03-2022 |
| ബിനേഷ് കെ | പട്ടികജാതി വികസനഓഫീസർ | 01-04-2021 | 31-03-2022 |
| ബിന്ദു വി എൻ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| സുനിത പി പി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| റീന ഒ റ്റി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 04-10-2021 |
| വിഷ്ണു എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 05-10-2021 | 12-10-2021 |
| ദിഷ മണിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 13-10-2021 | 31-03-2022 |
| ഗാഥാ വേണുഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ജ്യൂലി ലൂക്ക് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | രസീത് സൂക്ഷിപ്പിലെ അപാകതകൾ | 1-10 |
| 12 | വാടക കുടിശ്ശിക ലഭിച്ചിട്ടില്ല | 1-11 |
| 13 | തുല്യതാ പഠിതാക്കൾക്ക് ഫീസ് - പദ്ധതി ഫലപ്രാപ്തി കൈവരിച്ചില്ല | 1-12 |
| 14 | ജി.എസ്.ടി ബില്ലുകൾ ഹാജരാക്കാതെ തുക നൽകിയിരിക്കുന്നു | 1-13 |
| 15 | പി എം എ വൈ - ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല. | 1-14 |
| 16 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് ലഭ്യമായില്ല | 1-15 |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-16 |
| 18 | മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-17 |
| 19 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല | 1-18 |
| 20 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ചെലവുരേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല. | 1-19 |
| 21 | സ്കോളർഷിപ്പ് ആനുകൂല്യം - അർഹതാ രേഖകളില്ലാതെ വിതരണം ചെയ്തു - 30000/- രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 22 | സംയുക്ത പ്രോജക്കുകൾക്കായി ലഭ്യമായ തുകകൾ നീക്കിയിരിപ്പായി അവശേഷിക്കുന്നു | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 17.03.2020 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ 1(3) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 68690342 | 66700600 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 48322377 | 52515962 |

## 1-2 വാർഷിക ധനകാര്യ പത്രിക

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 28.05.22 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

### 1-2-1 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിലെ എ.സി.ആർ പ്രകാരമുള്ള ആകെ വരവ് (7450827) വാർഷിക കണക്ക് പ്രകാരമുള്ള (റസിപ്റ്റ് ആന്റ് പേമെന്റ്) ആകെ വരവുമായി (6989872) പൊരുത്തപ്പെടുന്നില്ല.

2) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ഇനത്തിലെ എ.സി.ആർ പ്രകാരമുള്ള ആകെ വരവും (4393418/-) വാർഷിക കണക്കിലെ റസീപ്റ്റ് & പെമെന്റ് പ്രകാരമുള്ള ആകെ വരവും, (4457397/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) തൻവർഷം ബ്ലോക്ക്പഞ്ചായത്തിൽ സംയുക്തപ്രൊജക്ടുകൾക്കായി 8248203/- രൂപ വരവുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ഈ തുക മുഴുവൻ ചെലവായതായാണ് കാണിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂളിൽ 12723702 /- രൂപ അവശേഷിക്കുന്നുണ്ട്.

4) വാർഷിക കണക്കിലെ നീക്കിയിരുപ്പിന്റെ വിവരം കാണിക്കുന്ന 40 (B) യിൽ രേഖപ്പെടുത്തിയിട്ടുള്ള CFC ഗ്രാന്റ് E ഗ്രാം സ്വരാജ് യൂണിയൻ ബാങ്ക് പാസ് ബുക്ക് പ്രകാരം നിക്കിയിരുപ്പ് തുക 7048778.2 ആണ്, 40 (B), ഷെഡ്യൂൾ പ്രകാരം 477780/- രൂപയാണ് നീക്കിയിരുപ്പ് കാണിച്ചിട്ടുള്ളത്. റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

5) വാർഷിക കണക്കിലെ നീക്കിയിരുപ്പിന്റെ വിവരം കാണിക്കുന്ന 40 (B) യിൽ SBT ടോട്ടൽ സാനിറ്റേഷനിൽ 690212/- രൂപ അവശേഷിക്കുന്നുണ്ട്. ബാങ്ക് പാസ് ബുക്ക് ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

6) RP 34 ഷെഡ്യൂളിലെ ഡെപ്പോസിറ്റ് ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയില്ല.

7) അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്നപേരിൽ മുൻകൂർ നൽകിയിട്ടുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തലുണ്ടെങ്കിലും രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകൾ ഹാജരാക്കിയില്ല.

8) ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂൾ പ്രകാരം IAY പദ്ധതിക്കായി 51294/- നീക്കിയിരുപ്പ് തുടർന്ന് വരുന്നു. ഈ തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

9) ബാലൻസ് ഷീറ്റിൽ B18, ഷെഡ്യൂളിൽ Advance To Implimenting Officers ഇനത്തിൽ 101281/- രൂപ മൈനസായി നിലനിൽക്കുന്നതിന്റെ കാരണം വ്യക്തമാക്കിയില്ല.

10) വാർഷിക കണക്കിലെ നീക്കിയിരുപ്പിന്റെ വിവരം കാണിക്കുന്ന RP-40 (B) യിൽ രേഖപ്പെടുത്തിയിട്ടുള്ള UBIMKSP അക്കൌണ്ട് നിർജ്ജീവമാണ്. അതിൽ 86/- രൂപയാണ് അവശേഷിക്കുന്നത്. അക്കൌണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

11) ബാലൻസ് ഷീറ്റ് B-15 പ്രകാരം വാടകയിനത്തിൽ 8400/-രൂപ കടിശികയുണ്ട്. എന്നാൽ വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

12) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിലെ എ.സി.ആർ പ്രകാരമുള്ള നിക്കിയിരുപ്പ് തുക (5144633) വാർഷിക കണക്ക് പ്രകാരമുള്ള നിക്കിയിരുപ്പുമായി (4670233) പൊരുത്തപ്പെടുന്നില്ല.

13) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ഇനത്തിലെ എ.സി.ആർ പ്രകാരമുള്ള നിക്കിയിരുപ്പും (3400331/-) വാർഷിക കണക്ക് പ്രകാരമുള്ള നിക്കിയിരുപ്പുമായി (94147) പൊരുത്തപ്പെടുന്നില്ല.

14) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം വരവിനേക്കാൽ ചെലവ് കൂടുതലായി കാണുന്നു, ആവശ്യമായ മാറ്റങ്ങൾ വരുത്തി ക്രമീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6465046 |
| വരവ് | 62549224 |
| ആകെ | 69014270 |
| ചെലവ് | 59900226 |
| നീക്കിയിരിപ്പ് | 9114044 |

## 1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23185000 | 23185000 | 23185000 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5712000 | 5712000 | 5712000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 172000 | 172000 | 172000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 11844245 | 11844245 | 6656023 | 5188222 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 85 | 46540338 | 70 | 35705023 | 9 | 15 | 76.76% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.2023-ന് 2.30.pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. നടപ്പിലാക്കിയ പദ്ധതികളുടെ വിജയകരമായ പൂർത്തീകരണം സംബന്ധിച്ച് വിശദമായ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റും തയ്യാറാക്കി ഫയലിൽ സൂക്ഷിക്കുന്നില്ല.
2. വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിക്കേണ്ടുന്ന റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിച്ചിട്ടില്ല.

3. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും എത്ര രസീതു ബുക്കുകൾ വാങ്ങിയിട്ടുണ്ടെന്നോ അവ ആർക്കൊക്കെ വിതരണം ചെയ്തിട്ടുണ്ടെന്നതോ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ യാതൊരു രേഖകളുമില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്ത വിവരം എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ യഥാസമയം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

5. മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തന്മൂലം നാളിതുവരെ മുൻകൂർ നൽകിയിട്ടുള്ള മുൻകൂറുകൾ യഥാസമയം ക്രമീകരിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല.

6. വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

7. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പ്രത്യേകം അറ്റന്റൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കമ്മറ്റി നോട്ടീസ് ബുക്കിൽ തന്നെയാണ് അറ്റന്റൻസ് രേഖപ്പെടുത്തുന്നത്.

8. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

10. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും, പല വിവരങ്ങളും അപൂർണ്ണമാണ്. 2020-21 വർഷം നിർമ്മിച്ചിട്ടുള്ള പല റോഡുകളുടെയും, ചുറ്റുമതിലുകളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 രസീത് സൂക്ഷിപ്പിലെ അപാകതകൾ

ബ്ളോക്ക് പഞ്ചായത്തിൽ വരവായി ലഭിക്കുന്ന തുകയ്ക്ക് 2.09.2022നുശേഷം സാംഖ്യ രസീത് നൽകിയിട്ടില്ല. പഞ്ചായത്തിന് വാടക ഇനത്തിൽ ലഭിച്ച ചെക്കുകൾക്ക് കൈപ്പറ്റ് രസീതാണ് നൽകിയിരിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന തുകകൾ പഞ്ചായത്തിൽ വരവ് വന്നതിനുശേഷം ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനുശേഷമാണ്.

ഇന്ററപ്റ്റഡ് രസീതായി ഉൾപ്പെടുത്തിയത്. ലഭിച്ച തുകയുടെ വിശദാംശം താഴെകൊടുക്കുന്നു.

| ക്രമ നം | തുക കൈപ്പറ്റിയ തീയതി | തുക | ഇന്ററപ്റ്റഡ് രസീത് തീയതി | തുക ക്രെഡിറ്റ് ആയ തീയതി |
|---|---|---|---|---|
| 1 | 24.5.2022 | 19600 | 07.1.2023 | 27.5.2022 |
| 2 | 26.7.2022 | 14000 | ,, | 27.7.2022 |
| 3 | 27.9.2022 | 14000 | ,, | 30.9.2022 |
| 4 | 1.11.2022 | 7000 | ,, | 1.11.2022 |
| 5 | 27.12.2022 | 14000 | ,, | ക്രഡിറ്റ് ആയിട്ടില്ല |

ബ്ളോക്ക് പഞ്ചായത്തിൽ ലഭിച്ച വരവിന് സാംഖ്യ രസീതോ മാനവൽരസീതോ നൽകാതിരുന്നതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14/7.1.2023) നൽകിയതിന് മറുപടിയായി പ്രിന്റർ കേടായതിനെതുടർന്നാണ് സാംഖ്യരസീത് നൽകാതിരുന്നതെന്നും ഇനിമുതൽ രസീത് പ്രിന്റ് ചെയ്യാൻ സാധിക്കാത്ത സമയങ്ങളിൽ മാനവൽ രസീത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വാടക കുടിശ്ശിക ലഭിച്ചിട്ടില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ Rural Self Employment Training Institutes (RSETI)നടത്തുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ (ബിൽഡിംഗ് നം.XXII/575 & XXII/572) എസ്.ബി.റ്റി. യ്ക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ട്. ബളോക്ക് പഞ്ചായത്തിന്റെ 07.07.2020ലെ 2(3) തീരുമാന പ്രകാരം കരാർ കാലാവധി 08.02.2020 ൽ അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ മറ്റ് കരാർ വ്യവസ്ഥകൾക്ക് മാറ്റമില്ലാതെ പ്രതിമാസം 7000/-രൂപ നിരക്കിൽ വാടക പുനർ നിശ്ചയിച്ച് കുടിശ്ശിക ഉൾപ്പടെ പുതുക്കിയ നിരക്കിലുള്ള വടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചിരുന്നു. ആയതു പ്രകാരം 2/2020 മുതൽ 5/2022 വരെയുള്ള വാടകയായ 196000/-രൂപ 20.5.2022ൽ ലഭിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്ന 8400/-രൂപ നാളിതുവരെ ലഭിച്ചതായി കാണുന്നില്ല. പ്രതിമാസം 7000/-രൂപ നിരക്കിൽ ലഭിക്കേണ്ടിയിരുന്ന വാടക

28മാസങ്ങൾക്കുശേഷമാണ് ലഭിച്ചിരിക്കുന്നത്. 20.05.2022ൽ പുതുക്കിയ കരാറിലും വാടക കുടിശ്ശികയായാൽ പിഴ സഹിതം ഈടാക്കുന്നതിന് വ്യവസ്ഥചെയ്തിട്ടില്ല. വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.9/7.1.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളതായി ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 തുല്യതാ പഠിതാക്കൾക്ക് ഫീസ് - പദ്ധതി ഫലപ്രാപ്തി കൈവരിച്ചില്ല

സെക്രട്ടറി നടപ്പിലാക്കിയ തുല്യതാ പഠിതാക്കൾക്ക് ഫീസ് ആകെ 215100/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0097/22 |
| പ്രോജക്ട് | തുല്യതാ പഠിതാക്കൾക്ക് ഫീസ് |
| അടങ്കൽ | 117216/- (വികസനഫണ്ട്)<br>76418/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>48466/- (വികസനഫണ്ട്)<br>26534/- (തനത് ഫണ്ട്) |
| ചെലവ് | 27316 - (21060163014701178017/21.2.22)<br>62900 - (21060163014701178014/21.2.22)<br>29884 - (21060163014701178021/21.2.22)<br>18582 - (210601630114701178019/21.2.22)<br>76418 - (21060163014701173211/21.2.22) |

പത്താംതരം തുല്യത കോഴ്സിനായി ഒരു ഗുണഭോക്താവിന് 1850/- രൂപ പ്രകാരം 34 പേർക്ക് 62900/- രൂപയും പ്ലസ് വൺ തുല്യത കോഴ്സിനായി ഒരു ഗുണഭോക്താവിന് 2500/- രൂപ പ്രകാരം 38 പേർക്ക് 95000/- രൂപയും പ്ലസ് ടു പഠിതാക്കൾക്ക് ഒരു ഗുണഭോക്താവിന് 2200/- രൂപ പ്രകാരം 26 പഠിതാക്കൾക്ക് 57200/- രൂപയും കേരളാ ലിറ്ററസി മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം ഫീസ് അടച്ച എല്ലാ പഠിതാക്കളും പരിക്ഷയിൽ പങ്കെടുത്തിട്ടില്ല. പത്താംതരം തുല്യത പരീക്ഷയിൽ 16 ഗുണഭോക്താക്കളും പ്ലസ് വൺ തുല്യത കോഴ്സ് പരിക്ഷയിൽ 10 ഗുണഭോക്താക്കളും പരീക്ഷ എഴുതിയിട്ടില്ല. സദുദ്ദേശത്തോടെ നടപ്പാക്കുന്ന ഇത്തരം പദ്ധതികൾ ഫലപ്രാപ്തിയിൽ എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആകയാൽ പ്രസ്തുത ഗുണഭോക്താക്കളെക്കൊണ്ട് അതാത് പരീക്ഷകൾ എഴുതിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ജി.എസ്.ടി ബില്ലുകൾ ഹാജരാക്കാതെ തുക നൽകിയിരിക്കുന്നു

ആർ.എച്ച്.ടി.സി ദൈനം ദിന ചെലവുകൾ എന്ന പ്രോജക്ടിലുൾപ്പടുത്തി മെഡിക്കൽ ഓഫീസർ 28.6.2021ലെ ബിൽ നമ്പർ 6/21-22 പ്രകാരം ടോംസൺ.പി.എ. എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് 48381/-രൂപ നൽകിയിട്ടുണ്ട്. ആർ.എച്ച്.ടി.സി ലാബിൽ അനലൈസർ വയ്ക്കുന്നതിനാവശ്യമായ ഇലക്ട്രിക്കൽ വർക്കുകൾ നടത്തുന്നതിനായാണ് തുക കൈമാറിയിട്ടുള്ളത്. ഇതിൽ 16560/- രൂപ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്തതിന്റെ കൂലിയും 31821/- രൂപ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയ ബില്ലുകളുമാണ്. രാജ ഇലക്ട്രിക്കൽസ്, പാതിരപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും (GSTIN32BEGPVI357GIZI) ജി.എസ്.ടി ബില്ലുകൾ ഹാജരാക്കാതെ 22.6.2021ലെ 316,317,318,319 എന്നീ നമ്പരിലുള്ള ഇൻവോയിസുകൾ ലഭ്യമാക്കിയതു പ്രകാരമാണ് തുക നൽകിയിരിക്കുന്നത്. ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും ജി.എസ്.ടി ബിൽ ഹാജരാക്കാതെ തുക നൽകിയത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(7/7.1.2023) മറുപടി ലഭ്യമാക്കിയല്ല. മേലിൽ ജിഎസ് ടി ബില്ലുകൾ പ്രകാരം മാത്രം തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ട് നം S0022/22
അടങ്കൽ-1000000/-(റോഡിതരം)

## 1-14 പി എം എ വൈ - ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി. കൂടാതെ 2015-16 ൽ നിർത്തലാക്കിയിട്ടുള്ള ഐ.എ.വൈ പദ്ധതിയിൽ അവശേഷിച്ച

ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയും ഭവന നിർമ്മാണാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. സെക്രട്ടറി നടപ്പാക്കിയ പി.എം.എ.വൈ (ജി) ആവാസ് പ്ലസ് (പ്രോജക്ട് നം S0101/22) ഉൾപ്പെട്ട ഗുണഭോക്താക്കളിൽ ചിലർ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തിയിക്കിയിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.
പ്രോജക്ട് -പി എം എ വൈ ആവാസ് പ്ലസ് (എസ് സി പി)

പ്രോജക്ട് നം - S0101/22

അടങ്കൽ - 112000/- (വികസനഫണ്ട് (എസ് സി പി))

2800000/- (ഗ്രാമപഞ്ചായത്ത് വിഹിതം)

3920000/- (ജില്ലാപഞ്ചായത്ത് വിഹിതം)

| പേര് | തുക | ബിൽ വിവരം | റിമാർക്സ് |
|---|---|---|---|
| ശോഭ | 63000 | | ഉത്തരവിതാനം വരെ നിർമ്മാണം എത്തി പ്രവൃത്തി പുരോഗമിക്കുന്നു |
| അജ്മിയ | 98000 | | ഉത്തരവിതാനം വരെ നിർമ്മാണം എത്തി പ്രവൃത്തി പുരോഗമിക്കുന്നു |
| ബാലാമണി | 70000 | | മേൽക്കൂര നിർമ്മാണം പൂർത്തിയായി അവസാന ഘട്ട പണികൾ നടക്കുന്നു |
| സൌമ്യ ജി | 45000 | | അടിത്തറ നിർമ്മാണം കഴിഞ്ഞു. ഉത്തരവിതാനം പണി ആരംഭിച്ച പ്രവൃത്തി പുരോഗമിക്കുന്നു |
| ജോഷി മോൾ കെ റ്റി | 45000 | | ഉത്തരവിതാനം വരെയെത്തി നിർമ്മാണം പുരോഗമിക്കുന്നു |

മേൽ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളിൽ, രണ്ടാംഘട്ടവും, മൂന്നാംഘട്ടവും പൂർത്തിയാക്കിയവരും ഉൾപ്പെടുന്നുണ്ട്. ഇവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർന്നും ഭവനനിർമ്മാണം പൂർത്തികരിക്കുവാൻ യാതൊരു നടപടികളും സ്വീകരിക്കാത്തവരിൽ നിന്ന് ആനുകൂല്യം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ 7.11.2018 ലെ നം 667ഡി ബി 1/2018 തസ്വഭവ സർക്കുലർ പ്രകാരം സ്വീകരിക്കാവുന്നതാണ്.

## 1-15 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് ലഭ്യമായില്ല

പ്രോജക്ട് നം-S0026/22-മുഹമ്മ സി.എച്ച്.സി-യിലേക്ക് മരുന്നു വാങ്ങൽ
അടങ്കൽ-500000/-(മെയിന്റനൻസ് ഫണ്ട്(റോഡിതരം))
ചെലവ്-49995/-
ബിൽ നം 6/21-22-dt 8.02.2022—269115/-
മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രഫോർമ ഇൻവോയിസ് നം.PRF 4533 Dt 31.12.2021 പ്രകാരം 269115/- രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(1/5.1.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്നു ലഭ്യമാകുന്നതുവരെ 269115/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം. S0069/22

അടങ്കൽ-300000/-(എസ്.സി.പി ഫണ്ട്)

ചെലവ്

ബിൽ നം. 4/21-22 തീയതി 26.8.2021-75000/-

പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിലുൾപ്പെടുത്തി ബിജുമോൻ (F/O ബിനുജ.ജി)എന്ന വ്യക്തിക്ക് പണി പൂർത്തീകരിച്ചതിനുശേഷം നൽകുന്ന 3-ാം

ഗഡു 75000/- രൂപ മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ടെങ്കിലും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(8/7.1.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുവരെ 75000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഗവൺമെന്റ് ഹോസ്പിറ്റൽ (RHTC)മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്റ്റിലുൾപ്പെടുത്തി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ഇൻവോയിസുകൾ പ്രകാരമുള്ള തുക മാറി നൽകിയിട്ടുണ്ടെങ്കിലും നൽകിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ /നം | പ്രോജക്ട് വിവരങ്ങൾ | ബിൽ നം/ തീയതി /തുക | പ്രഫോർമ നമ്പർ/ തീയതി/ തുക | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|---|
| 1 | S0023/22 സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി അടങ്കൽ- 1221600/- | 28/2021-22 തീയതി 06.10.2021 -109980/- | PRF2144dt 17.9.2021 -109980/- | 97778/- | 12202/- |
| | | 34/2021-22 തീയതി 21.10.2021 -310000/- | PRF2561dt 7.10.2021 -310000/- | 240530/- | 69470/- |
| | | 60/2021-22 തീയതി 08.03.2022 -240613/- | 1)PRF6042dt 22.02.2022 -140632/- 1)PRF6046dt 22.02.2022 -99981/- | 0 | 240613/- |
| | | 72/2021-22 തീയതി 29.03.2022 -23770/- | 1)PRF7060dt 18.03.2022 -23770/- | 20452/- | 3318/- |
| | | 74/2021-22 തീയതി 30.03.2022 -77199/- | 1)PRF6917 Dt 15.03.2022 -140632/- | 72117/- | 5082/- |
| 2 | S0035/22 ആർദ്രമീ ആര്യാട്- ജീവിതശൈലീ രോഗ പ്രതിരോധപരിപാടി അടങ്കൽ-3000000/- ചെലവ് ചെക്ക് നം-JN-4692343 /22.03.2022- 1200000/- | | 1)PRF6914dt 15.03.2022 514510/- | 352069/- | 162441/- |
| | | | 2)PRF6915dt 15.03.2022- 200000/- | 150011/- | 49989/- |
| | | | 3)PRF6286dt 26.02.2022 -485490/- | 477619/- | 7871/- |
| ആകെ | | | | | 550986 |

മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(6/6.1.2023)

നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാകുന്നതുവരെ 550986/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - S0011/22

അടങ്കൽ - 617000 (വികസനഫണ്ട് -ധനകാര്യകമ്മീഷൻ അവാർഡ്)

-133000 (തനത് ഫണ്ട്)
നിർവ്വഹണം – കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ചെലവ് - 750000/-

A) നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡിയിനത്തിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച അക്കൌണ്ട് നമ്പരും ഗുണഭോക്താക്കളുടേതായി അപേക്ഷയിൽ ലഭ്യമായ അക്കൌണ്ട് നമ്പരും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ബില്ലിലെ അക്കൌണ്ട് നം. | അപേക്ഷയിലെ അക്കൌണ്ട് നം. | അനുവദിച്ച തുക | ബിൽ തുക /നം |
|---|---|---|---|---|
| നിത്യാനന്ദൻ കെ സി | 40171001003688 | 67243641327 | 3060/- | 64016/- /12.03.22 |
| ഷിയാസ് കെ എച്ച് | 20023624559 | 40321030000074 | 14960/- | 64016/- 12.03.22 |
| സനിൽകുമാർ സി എൻ | 67184890878 | 40321003002184 | 20264/- | 552984/- 24.02.22 |
| പ്രഭു വി ജി | 12510100209653 | 46321001000404 | 29240/- | 552984/- 24.02.22 |
| വൽസല | 12510100076912 | 40321001006744 | 5236/- | 552984/- 24.02.22 |
| | ആകെ | | 72760/- | |

മേൽ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/05.01.23) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താളുടെ അക്കൌണ്ടുകളുടെ നിജസ്ഥിതി പരിശോധിച്ച് ആവശ്യമായ രേഖകളുൾപ്പടെ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ കൂലിച്ചെലവ് സബ്സിഡിയിനത്തിൽ അനുവദിച്ച 72760/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ചെലവുരേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല.

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ- ചെലവുരേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല.

.

| | | |
|---|---|---|
| പ്രോജക്റ്റ്/നമ്പർ | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്റ്റ് നം. S0004/22) | |
| നിർവ്വഹണം | സിഡിപിഒ | |
| ഫണ്ട്. | അടങ്കൽ. | ചെലവ് |
| വികസനഫണ്ട്(ജനറൽ) | 638240 | 638175 (ബിൽ വിവരങ്ങൾ ലഭ്യമാക്കിയില്ല.) |
| തനതുഫണ്ട് | 461760 | വൗച്ചർ നമ്പർ279/5.3.22-400000,വൗച്ചർ |

| | | |
|---|---|---|
| | | നമ്പർ318/22(a)/29.3.22-61760) |
| ആകെ | 1100000 | 1099925 |

മേൽ പദ്ധതി നടത്തിപ്പിനായി ആകെ 1099925 രൂപ ചെലവു വന്നിട്ടുണ്ട്. എന്നാൽ 498175 രൂപയുടെ ചെലവുരേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ബാക്കിയുള്ള 601750 രൂപയുടെ ചെലവു രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നമ്പർ 10/7.01.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയതിന് ആയത് ഹാജരാക്കിയില്ല. ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ 601750 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 സ്കോളർഷിപ്പ് ആനുകൂല്യം - അർഹതാ രേഖകളില്ലാതെ വിതരണം ചെയ്തു - 30000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. S0040/22

അടങ്കൽ - 172000 (വികസനഫണ്ട് ടി.എസ്.പി.)

-28000 ( തനത് ഫണ്ട് )

ചെലവ് -200000/-

സെക്രട്ടറി നടപ്പാക്കിയ പ്രസ്തുത പ്രോജക്റ്റ് പ്രകാരം 9 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 30000/- രൂപ ആനുകൂല്യം കൈപ്പറ്റിയ ശ്രുതി.ടി. എന്ന ഗുണഭോക്താവിന്റെ ജനന വർഷം 1995 ആണ്, കൂടാതെ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം പ്രകാരം 2015 ൽ ആണ് കോഴ്സിനായി(എം ബി ബി എസ്) ചേർന്നിട്ടുള്ളത്. നിലവിൽ ഈ വിദ്യാർത്ഥി പഠിക്കുകയാണെന്ന രേഖകൾ ഹാജരാക്കിയില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ എൻക്വയറിക്ക് (5/5.01.23) ലഭ്യമാക്കിയ മറുപടിയിൽ 2015 ൽ ടി വിദ്യാർത്ഥിനിക്ക് എംബിബിഎസ്-ന് അഡ്മിഷൻ ലഭിക്കുകയും സാമ്പത്തികപരാധീനത മൂലം കൃത്യമായി ക്ലാസ്സുകളിൽ പങ്കെടുക്കാൻ കഴിയാതെ വരികയാണുണ്ടായതെന്നും ഈ അവസ്ഥ പരിഗണിച്ചാണ് സ്കോളർഷിപ്പ് അനുവദിച്ചതെന്നും നിർവ്വഹണോദ്യഗസ്ഥൻ അറിയിക്കുകയുണ്ടായി. പ്രസ്തുത ഗുണഭോക്താവ് നിലവിൽ പഠിക്കുകയാണെന്ന രേഖകൾ ഹാജരാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം ചെലവു തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും. തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

28000/- (ചെക്ക് നം JN 4552362/4.03.22)

2000/- (21060163014701248052/4.03.22)

## 1-21 സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുകകൾ നീക്കിയിരിപ്പായി അവശേഷിക്കുന്നു

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുകകൾ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ടെങ്കിലും ആയത് ഏത് കാലയളവിൽ ഏതൊക്കെ പദ്ധതികൾക്കായി ലഭ്യമായതാണെന്ന് വിശദീകരിക്കപ്പെട്ടില്ല.

| ഇനം | തുക |
|---|---|
| Contributions For Other Specific Purposes (For Revenue Expenditure)-From Village Panchayats | 1813247 |
| Contributions For Other Specific Purposes (For Revenue Expenditure)-From District Panchayats | 332745 |
| Other Grants, Funds & Contributions For Specific Purposes - Capital | 8582469 |
| Recoveries Payable- COVID | 102231 |

സംയുക്ത പ്രോജക്റ്റ് സംബന്ധിച്ച ബാങ്ക് അക്കൌണ്ടുകളിൽ പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുകകൾ അവശേഷിക്കുന്നില്ല. ആയതിൽ വാർഷികകണക്കിൽ നിന്നും ആയവ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | | 700000 | Pmay ആവാസ് പ്ലസ് | 700000 | 0 |
| | | 200000 | ആർദ്രമീ ആര്യാട് ജീവിതശൈലീ രോഗപ്രതിരോധ പരിപാടി | 200000 | 0 |
| | | 950000 | കോവിഡ് പ്രതിരോധം | 950000 | 0 |
| മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | | 85458 | ആർദ്രമീ ആര്യാട് ജീവിതശൈലീ രോഗപ്രതിരോധ പരിപാടി | 85365 | 93 |
| | | 500000 | കോവിഡ് പ്രതിരോധം | 441090 | 58910 |
| | | 490000 | Pmay ആവാസ് പ്ലസ് | 490000 | 0 |
| | | 450000 | Pmay ആവാസ് പ്ലസ് Scp | 450000 | |
| ആര്യാട് ഗ്രാമപഞ്ചായത്ത് | | 200000 | വയോജന സൌഹൃദക്കൂട്ടം | 200000 | 0 |
| | | 315000 | Pmay എസ് സി പി | 315000 | |
| മുഹമ്മ ഗ്രാമപഞ്ചായത്ത് | | 350000 | Pmay ആവാസ് പ്ലസ് | 350000 | |
| | | 180000 | മുഹമ്മ സിഎച്ച് സി സായാഹ്ന ഓ പി ഡോക്ടർ വേതനം | 180000 | |
| | | 489745 | കോവിഡ് പ്രതിരോധം | 489745 | |
| ജില്ലാപഞ്ചായത്ത് | | 1000000 | ആർദ്രമീ ആര്യാട് ജീവിതശൈലി പ്രതിരോധ പരിപാടി | 1000000 | 0 |
| | | 2254000 | Pmay ആവാസ് പ്ലസ് | 2254000 | |
| | | 630000 | Pmay Scp | 630000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി പദ്ധതി വിഹിതം നഷ്ടം-കയർ കോമൺ ഫെസിലിറ്റി സെന്റർ | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അസാപ്പിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിനായി ടി കെട്ടിടം ലേലം ചെയ്ത് പൊളിച്ച് നീക്കി ടി സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് കെട്ടിടം നിർമ്മിച്ചിട്ടുള്ളതുമാണ്. |
| 2005-06 | 3.7 | 2008-09 | 3.5.10(a) | കുടുംബശ്രീ- വനിത എസ്.എച്ച്.ജി.കൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള ധനസഹായം | പ്രസ്തുത ഗ്രൂപ്പുകളിൽ പ്രവർത്തിച്ചിരുന്ന അംഗങ്ങൾ ഉപജീവനാർത്ഥം നിലവിൽ തൊഴിലുറപ്പ്/മറ്റ് തൊഴിൽ സംരംഭങ്ങളിൽ ജോലി ചെയ്ത് വരുന്നു. |
| 2005-06 | 3.6 | 2008-09 | 3.5.10(b) | എസ്.സി.സ്വയംസഹായ സംഘത്തിന് റിവോൾവിംഗ് ഫണ്ട് | പ്രസ്തുത ഗ്രൂപ്പുകളിൽ പ്രവർത്തിച്ചിരുന്ന അംഗങ്ങൾ ഉപജീവനാർത്ഥം നിലവിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | തൊഴിലുറപ്പ്/മറ്റ് തൊഴിൽ സംരംഭങ്ങളിൽ ജോലി ചെയ്ത് വരുന്നു. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62549224 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59900226 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1599611 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 269115 | ഡോ.ജയന്തി.സി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.മുഹമ്മ. |
| 1-16 | 75000 | ബിനേഷ്.കെ, പട്ടികജാതി വികസന ഓഫീസർ |
| 1-17 | 550986 | ഡോ.പ്രതിഭ.എം.ഡി, മെഡിക്കൽ ഓഫീസർ, ചെട്ടികാട് RHTC |
| 1-18 | 7260 | ജ്യൂലി ലൂക്ക്, കൃഷി ഓഫീസർ |
| 1-19 | 601750 | ഷീല ദേവസ്യ, സി.ഡി.പി.ഒ |
| 1-20 | 30000 | രജിത്ത് ആർ, സെക്രട്ടറി |
| ആകെ | 1599611 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.പ്രതിഭ.എം.ഡി, മെഡിക്കൽ ഓഫീസർ, ആർ.എച്ച്.ടി.സി ചെട്ടികാട് | RHTC, ചെട്ടികാട്. | നന്ദനം, തോട്ടത്തിൽ വെള്ളിമൺ പി.ഒ |
| രജിത്ത്.ആർ, സെക്രട്ടറി | സെക്രട്ടറി, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | മുണ്ടകൻചിറ, തുക്കുന്നപ്പുഴ, ആലപ്പുഴ |
| ജ്യൂലി ലൂക്ക്, | കൃഷി അസി.ഡയറക്ടർ, ആര്യാട് ബ്ളോക്ക് | ജോയൽവില്ല, മായിത്തറ പി.ഒ, ചേർത്തല |

| | | |
|---|---|---|
| ഡോ.ജയന്തി.സി, | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.മുഹമ്മ. | കരിപ്പാടപ്പള്ളി, കുടവച്ചൂർ.പി.ഒ, വൈക്കം |
| ബിനേഷ്.കെ, | പട്ടികജാതി വികസന ഓഫീസർ, ആര്യാട് ബ്ളോക്ക് | പുതുക്കിച്ചിറ, പൊള്ളേത്തൈ. |
| ഷീല ദേവസ്യ, | സി.ഡി.പി.ഒ, ആര്യാട് ബ്ളോക്ക് | തെക്കേപാലയ്ക്കൽ, പാതിരപ്പള്ളി. പി. ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജിഎ5/ബി.പി.അദാലത്ത് 26(86)/14, തീയതി31.03.2014 |
| 1998-99 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്26(87)/14 തീയതി 31.03.2014 |
| 1999-00 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്26(88)/14 തീയതി.31.03.14 |
| 2000-01 | എൽ.എഫ്.എ.ബി.പി./അദാലത്ത്26(89)/14 തീയതി. 31.03.14 |
| 2001-02 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(90)/14 തീയതി. 31.03.14 |
| 2002-03 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(91)/14 തീയതി. 31.03.14 |
| 2003-04 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(92)/14 തീയതി. 31.03.14 |
| 2004-05 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(93)/14 തീയതി. 31.03.14 |
| 2005-06 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(94)/14 തീയതി. 31.03.14 |
| 2006-07 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(95)/14 തീയതി. 31.03.14 |
| 2007-08 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(96)/14 തീയതി. 31.03.14 |
| 2008-09 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(97)/14 തീയതി. 31.03.14 |
| 2009-10 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(98)/14 തീയതി. 31.03.14 |
| 2010-11 & 2011-12 | എൽ.എഫ്.എ.ബി.പി 494/2013 തീയതി23.10.13 |
| 2012-13 | എൽ.എഫ്.എ.ബി.പി.437/2015 തീയതി 10.06.15 |
| 2013-14 & 2014-15 | കെ.എസ്.എ/എ.എൽ.പി.ബി.പി/1571/2015 തീയതി 15.12.15 |
| 2015-16 | കെ.എസ്.എ/എ.എൽ.പി.ബി.പി/211/2017/തീയതി 13.03.17/22.03.17 |
| 2016-17 | കെ.എസ്.എ/എ.എൽ.പി.ബി.പി/1451/17 തീയതി 01.12.17 |
| 2017-18 | കെ.എസ്.എ/എ.എൽ.പി.ബി.പി/150/19 തീയതി 07.02.19 |
| 2018-19 | കെ.എസ്.എ/എ.എൽ.പി.ബി.പി.791/2019 തീയതി 16.09.2019 |
| 2019-20 | കെ.എസ്.എ/എ.എൽ.പി.ബി.പി./430/22 തീയതി 19.05.2022 |
| 2020-21 | കെ.എസ്.എ/എ.എൽ.പി.ബി.പി./431/22 തീയതി. 07.07.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്